

# സുനനുദ്ദാരിമി

**സുനനുദ്ദാരിമി** എന്ന പേരിൽ അറിയപ്പെടുന്ന പൗരാണിക ഹദീസ് ഗ്രന്ഥം. 3550 ഹദീസുകൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം കർമ ശാസ്ത്ര രീതിയിൽ 1408 അധ്യായങ്ങളിലായി വിഷയാധിഷ്ഠിതമായി ക്രമീകരിക്കപ്പെട്ടതാണ്. ഇതിലെ ചില ഹദീസുകൾ സ്വഹീഹായ ഹദീസുകളുടെ ഉപാധികൾ പാലിക്കാത്തവയാണ്.

അബ്ദുല്ല അബൂ മുഹമ്മദ് അത്തമീമി എന്നാണ് ഗ്രന്ഥകർത്താവിന്റെ ശരിയായ പേര്. ഹിജ്റ 181-ൽ സമർഖന്ദിൽ ജനിച്ചു. ദാരിമി എന്ന പേരിലാണ് പ്രശസ്തനായത്. ദാരിമുബ്നു മാലിക് എന്ന തമീം ഗോത്രശാഖയിലേക്ക് ചേർത്തുകൊണ്ടാണ് ഈ പേര്. അക്കാലത്തെ പ്രശസ്തനായ ഹദീസ് പണ്ഡിതനായിരുന്നു. ഹദീസ് ശേഖരണാർഥം ഖുറാസാൻ, സിറിയ, ഇറാഖ്, ഈജിപ്ത്, ഹിജാസ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. ഭരണകൂടത്തിന്റെ നിരന്തരമായ സമ്മർദം മൂലം സമർഖന്ദിലെ ഖാദി സ്ഥാനം ഏറ്റെടുത്തെങ്കിലും ഏഴു ദിവസത്തിനു ശേഷം സ്ഥാനമൊഴിഞ്ഞു. ഇമാം മുസ്ലിം, അബൂദാവൂദ്, തിർമിദി, നസാഈ തുടങ്ങിയവർ ദാരിമിയുടെ ശിഷ്യന്മാരാണ്. ഹിജ്റ 255/ക്രി.829-ൽ മരണപ്പെട്ടു.